(സി) കേരള വാട്ടർ അതോറിറ്റി മേൽക്കൂര മഴവെള്ള സംഭരണ പദ്ധതിയായ 'വർഷ പദ്ധതി' 2002 മുതൽ തുടങ്ങി. ആകെ 1048 യൂണിറ്റുകൾ പൂർത്തീകരിച്ചു. മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് ജലനിധി താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കി.

എല്ലാ ജില്ലയിലും 50 മേസ്തിരിമാരെ ഫെറോസിമന്റ് സാങ്കേതികവിദ്യയിൽ പരിശീലനം നൽകി സജ്ജരാക്കി. എല്ലാ ജില്ലയിലും 10000 ലിറ്റർ സംഭരണ ശേഷിയുള്ള 35 സംഭരണികൾ നിർമ്മിച്ചുവരുന്നു. മഴവെള്ള സംഭരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാൻ കൈപ്പുസ്തകങ്ങൾ, ലഘുലേഖകൾ, പോസ്റ്ററുകൾ, സിനിമ സ്ലൈഡുകൾ, സ്റ്റിക്കറുകൾ, മതിലെഴുത്തുകൾ, കെ.എസ്.ആർ.ടി.സി. ബസ്സിൽ പരസ്യങ്ങൾ, സെമിനാറുകൾ, ടി. വി. ചാനലുകൾവഴിയുള്ള പരസ്യങ്ങൾ, ഡോക്യുമെന്ററികൾ, ആകാശവാണിവഴിയുള്ള പരിപാടികൾ തുടങ്ങിയ വിവിധ ബോധവൽക്കരണ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ ഗവ. മെഡിക്കൽ കോളേജുകൾ, ഗവ. വെറ്ററിനറി കോളേജ്, യൂണിവേഴ്സിറ്റി കോളേജ്, വിദ്യാലയങ്ങൾ തുടങ്ങി 64-ഓളം സ്ഥാപനങ്ങളിൽ സമഗ്ര മഴവെള്ള സംഭരണത്തിലധിഷ്ഠിതമായ ജലവിതരണ പദ്ധതികൾ നടപ്പിലാക്കാൻ തുടങ്ങി. എല്ലാ ജില്ലകളിലും 25 വകുപ്പുതല എൻജിനീയർമാർക്ക് ഫെറോസിമന്റ് ടെക്നോളജിയിൽ പരിശീലനം നൽകിവരുന്നു.

(ഡി) മഴകേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനത്തിന് ഒരു മാനേജർ, എക്സ്റ്റൻഷൻ കോ-ഓർഡിനേറ്റർ, ടെക്നിക്കൽ സൂപ്പർവൈസർ എന്നിവരെ നിയമിച്ചിട്ടുണ്ട്. കേരള ഗ്രാമീണ ശുദ്ധജലവിതരണ ശുചിത്വ ഏജൻസിയുടെകീഴിൽ 'മഴകേന്ദ്രം' പ്രവർത്തിച്ചുവരുന്നു. കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ ഏജൻസിവഴി നടപ്പിലാക്കുന്ന മഴവെള്ള സംഭരണ പ്രചാരണ പരിപാടിയുടെ ഭാഗമായി നിർമ്മിതി കേന്ദ്രത്തിൽ ഒരു മഴകേന്ദ്രം ആഗസ്റ്റിൽ പൂർത്തിയാകും. മഴവെള്ള സംഭരണ/ഭൂജല പരിപോഷണ മാർഗ്ഗങ്ങളുടെ ഡെമോ യൂണിറ്റുകൾ, മഴമാപിനി, മഴയുടെ സ്ഥിതിവിവരണ കണക്കുകൾ തുടങ്ങി പൊതുജനങ്ങൾക്ക് മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട ഏത് സംശയങ്ങൾക്കും സമീപിക്കാവുന്ന ഒന്നായിരിക്കും ഇത്. ഒരു എക്സ്റ്റൻഷൻ കോ-ഓർഡിനേറ്റർ ഇതിൽ പ്രവർത്തിക്കും.

കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

*22 [173] *ശ്രീ. സി. മോയിൻകുട്ടി:*
„ *സി. ടി. അഹമ്മദ് അലി:*
„ *നാലകത്ത് സൂപ്പി:*
„ *സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജലക്ഷാമം പരിഹരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ ഇതിനകം സ്വീകരിച്ചു;

(സി) ഏതെല്ലാം ഭാഗങ്ങളിലാണ് ജലക്ഷാമം പരിഹരിക്കാൻ നടപടികൾ നടത്തിയിട്ടുള്ളത്;

(ഡി) ജലക്ഷാമം രൂക്ഷമാകാൻ സാദ്ധ്യതയുള്ളതിനാലും ഭാവിയിൽ ഇത്തരം ജലദൗർലഭ്യം ഒഴിവാക്കുവാനുമായി ഗവൺമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ പദ്ധതികൾ ആവിഷ്കരിക്കുക, സ്രോതസ്സുകൾ വിപുലീകരിക്കുക, കുടിവെള്ള സ്രോതസ്സുകളിൽ താൽക്കാലിക തടയണ കെട്ടി ജലവിതാനം ഉയർത്തുക, ജലസേചന പദ്ധതികളിൽനിന്ന് വെള്ളം പമ്പ് ചെയ്ത് സ്രോതസ്സുകളിൽ എത്തിക്കുക, പമ്പുസെറ്റുകൾ മാറ്റി സ്ഥാപിക്കുക, ജലലഭ്യതയനുസരിച്ച് പൈപ്പ്ലൈൻ നീട്ടി കുടിവെള്ളമെത്തിക്കുക, വരൾച്ചക്കാലത്ത് കിണറുകളിലെ ചെളി നീക്കം ചെയ്യുക, പമ്പിംഗ് സമയം ദീർഘിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾവഴി ജലക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചിട്ടുണ്ട്.

കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി, ലോകബാങ്ക് സഹായത്തോടെ ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

ഭൂജല വകുപ്പ് രാജീവ് ഗാന്ധി കുടിവെള്ള പദ്ധതി, കൃത്രിമ ഭൂജല സംരക്ഷണ പദ്ധതി, മഴവെള്ള ശേഖരണ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

(സി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) കേരള വാട്ടർ അതോറിറ്റി നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ശുദ്ധ ജലവിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുവാനും കാലാനുസൃതമായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ഭാവിയിൽ ജലദൗർലഭ്യം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നദികളിലെ മണൽവാരൽ നിയന്ത്രിച്ചും തടയണകൾ നിർമ്മിച്ചും നദികളിലെ ജലവിതാനം നിലനിർത്തുന്നതിനാവശ്യമായ നടപടികൾ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിവരുന്നുണ്ട്.

ജലദൗർലഭ്യം കൂടുതലായിട്ടുള്ള തീരദേശ പ്രദേശങ്ങളിൽ 1500 ഓളം പൊതുകിട് മഴവെള്ള ശേഖരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഗ്രൗണ്ട് വാട്ടർ റീചാർജ്ജിംഗ്

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി, കോണ്ടൂർ ബണ്ടിംഗ് മുതലായ ചെറുകിട പദ്ധതികൾ ത്രിതല പഞ്ചായത്തിന്റെയും ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിന്റെയും മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

മഴവെള്ള സംഭരണം, വാട്ടർ റീചാർജ്ജ് എന്നീ പദ്ധതികളിലൂടെയും ജലദൗർലഭ്യം ഒഴിവാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ഭൂജല വകുപ്പ്, കൃത്രിമ ഭൂജലസംരക്ഷണ പദ്ധതിയും മഴവെള്ള ശേഖരണ പദ്ധതിയും സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

മദ്യക്കമ്പനികളിൽനിന്നുള്ള വിറ്റുവരവ് നികുതി

*23 [174] *ശ്രീ. എ.പി. സി. ഗോയ്തീൻ:*
,, *കെ. പി. സതീശ് ചന്ദ്രൻ:*
,, *വി. കെ. സി. മമ്മത് കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മദ്യക്കമ്പനികളിൽ നിന്നും വിറ്റുവരവ് നികുതിയിനത്തിലുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതെല്ലാം മദ്യക്കമ്പനികൾ എന്തു തുക വീതമാണ് കുടിശ്ശികയായി നൽകാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതു സംബന്ധിച്ച് സുപ്രീം കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ മദ്യക്കമ്പനികളിൽനിന്നും വിറ്റുവരവ് നികുതി ഇനത്തിൽ ലഭിക്കേണ്ട തുക പിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനകം ഓരോ കമ്പനികളിൽനിന്നും എന്തു തുകവീതം പിരിഞ്ഞുകിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന മദ്യക്കമ്പനികൾ അവരുടെ എക്സൈസ് തീരുവയുൾപ്പെടെയുള്ള വിറ്റുവരവിൻമേൽ നികുതി നൽകാൻ ബാദ്ധ്യസ്ഥരാണ് എന്ന സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 6-5-2005-ലെ വിധിയുടെ വെളിച്ചത്തിൽ സംസ്ഥാനത്തെ മദ്യക്കമ്പനികളുടെ നികുതിബാധ്യത 5-1-1999

LIBRARY ARCHIVES Kerala Legislative Assembly